**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2672** **02-08-2021 - ൽ മറുപടിയ്ക്ക്**

**നിർബ്ബന്ധിത അന്തർജില്ലാ ട്രാൻസ്ഫർ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ തുടങ്ങിയ തെക്കൻ ജില്ലകളിലെ റവന്യൂ ജീവനക്കാരുടെ ഓരോ സ്ഥാനക്കയറ്റത്തിനും, വടക്കൻ ജില്ലകളിൽ വർഷങ്ങളോളം നിർബ്ബന്ധിത അന്തർജില്ലാ ട്രാൻസ്ഫർ സേവനം അനുഷ്ഠിക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റവന്യൂ വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തിക മുതൽ സംസ്ഥാനതല സീനിയോറിറ്റിയാണ്. മാതൃജില്ലകളിൽ ഒഴിവുകളില്ലാതെ വരുന്ന സാഹചര്യങ്ങളിലാണ് സ്ഥാനക്കയറ്റം നൽകി ഒഴിവുള്ള ജില്ലകളിൽ നിയമിക്കുന്നത്. ഇതല്ലാതെ നിർബന്ധിത അന്തർജില്ലാ ട്രാൻസ്ഫർ സേവനം അനുഷ്ഠിക്കേണ്ട സാഹചര്യമില്ല. |
| (ബി) | വളരെയധികം മാനസിക സംഘർഷങ്ങളും പ്രായോഗിക ബുദ്ധിമുട്ടുകളും നേരിടുന്ന തെക്കൻ ജില്ലകളിലെ വനിതാ ജീവനക്കാർക്ക്, ഓരോ സ്ഥാനക്കയറ്റത്തിനും വടക്കൻ ജില്ലകളിലേക്ക് പോകേണ്ടി വരുമ്പോൾ വടക്കൻ ജില്ലകളിലെ വനിതാ ജീവനക്കാർക്ക് സ്വന്തം ജില്ലയിൽ തന്നെ അന്തർജില്ലാ ട്രാൻസ്ഫറില്ലാതെ സേവന കാലാവധി പൂർത്തിയാക്കാൻ കഴിയുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | റവന്യൂ വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തിക മുതൽ സംസ്ഥാനതല സീനിയോറിറ്റിയാണ്. മാതൃജില്ലകളിൽ ഒഴിവുകളില്ലാതെ വരുന്ന സാഹചര്യങ്ങളിലാണ് സ്ഥാനക്കയറ്റം നൽകി ഒഴിവുള്ള ജില്ലകളിൽ നിയമിക്കുന്നത്. ഇതല്ലാതെ നിർബന്ധിത അന്തർജില്ലാ ട്രാൻസ്ഫർ സേവനം അനുഷ്ഠിക്കേണ്ട സാഹചര്യമില്ല. |
| (സി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സോഫ്റ്റ് വെയർ സഹായത്താൽ വനിതാ ജീവനക്കാർക്ക് സ്വന്തം ജില്ലയിൽ പരമാവധി 40 കിലോമീറ്റർ ചുറ്റളവിൽ സേവനം അനുഷ്ഠിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ സ്വീകരിക്കുമോ; | (സി) | സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25/02/2017 ലെ സ.ഉ.(പി)3/2017/ഉ.ഭ.പ.വ ആധാരമാക്കി റവന്യൂ വകുപ്പ് പുറപ്പെടുവിച്ച സ.ഉ.(സാധാ)നം.2723/2020/റവ തീയതി 26/08/2020 പ്രകാരം റവന്യൂ വകുപ്പിലെ പൊതുസ്ഥലംമാറ്റങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഈ വർഷം മുതൽ റവന്യൂ വകുപ്പിലെ പൊതുസ്ഥലംമാറ്റങ്ങൾ ഓൺലൈൻ ആയി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | റവന്യൂ ജീവനക്കാരുടെ ട്രാൻസ്ഫർ മാനദണ്ഡങ്ങളെ സംബന്ധിച്ചും വനിതാ ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ചും വകുപ്പ് തല സമിതിയെ കൊണ്ട് പഠനം നടത്തുവാൻ സർക്കാരിന് പദ്ധതിയുണ്ടെങ്കിൽ വിശദമാക്കാമോ? | (ഡി) | പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ